# ഗെത്ത്ശെമനയുടെ അനുഭവം

## മത്തായി 26 : 36

"അനന്തരം യേശു അവരുമായി ഗെത്ത്ശെമന എന്ന തോട്ടത്തിൽ വന്നു ശിഷ്യന്മാരോടു: ഞാൻ അവിടെ പോയി പ്രാർത്ഥിച്ചു വരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു."

മാളികമുറി വിട്ടശേഷം യേശു തന്റെ അപ്പൊസ്തലൻമാരെ കൂട്ടികൊണ്ടു പോകുന്ന സ്ഥലമാണ് ഗെത്ത്ശെമന. അത് ഒരു തോട്ടമാണ് എന്ന് വചനം വായിക്കുമ്പോൾ നമുക്കു മനസ്സിലാകും. ഗെത്ത്ശെമന തോട്ടത്തിലെ അനുഭവം ഈ ലോക ചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല എന്ന് വേദശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗെത്ത്ശെമന എന്ന വാക്കിന്റെ അർത്ഥം എണ്ണച്ചക്ക് എന്നാണ്. തന്റെ പീഡാനുഭവവുമായി ബന്ധമുള്ള ഒരു നിർണ്ണായകമായ സ്ഥലമാണ് ഗെത്ത്ശെമന. കർത്താവു തന്റെ ശിക്ഷ്യന്മാരുമായി ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുവാൻ തിരഞ്ഞെടുത്ത ഒരു സ്ഥലമായിരുന്നു അത്. ഇന്നും ഈ ഗെത്ത്ശെമനക്കു നമ്മോട് ചില സന്ദേശങ്ങൾ തരുവാനായിട്ടുണ്ട്.

കർത്താവിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ പോരാട്ടത്തിന്റെ സമയം ആയിരുന്നു അവസാന നിമിഷമുള്ള ആ ഗെത്ത്ശെമന സന്ദർശനം. മനുഷ്യനായി ഈ ലോകത്തിൽ വന്നു, ഇന്നുവരെ ആരും അനുഭവിച്ചിട്ടില്ലാത്ത അതിതീവ്രത നിറഞ്ഞ മാനസികവ്യഥ, കർത്താവു അവിടെയായിരിക്കുമ്പോൾ അനുഭവിക്കുന്നത് നമുക്ക് മത്തായി 26:36–46 വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ മനസിലാക്കുവാനായിട്ടു സാധിക്കും. ഇത്രത്തോളം കർത്താവു ദുഃഖിതനായി ഇരിക്കുന്ന ഒരു അവസ്ഥയും നാം ഇതിനു മുൻപ് എങ്ങും കണ്ടിട്ടില്ല.

നമ്മുടെ കർത്താവു പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണ്, ഒരു മനുഷ്യന് വിശക്കുന്നതുപോലെ കർത്താവിനു വിശന്നു, ഒരു മനുഷ്യന് ദാഹിക്കുന്നതുപോലെ കർത്താവിനു ദാഹിച്ചു, ഒരു മനുഷ്യൻ വിയർത്തതുപോലെ കർത്താവിനും വിയർത്തു, ഒരു മനുഷ്യൻ കരഞ്ഞതുപോലെ കർത്താവും കരഞ്ഞു. ഈ ലോകത്തിൽ ഒരു മനുഷ്യൻ കടന്നു പോകാവുന്ന ഏറ്റവും വലിയ വേദനയിലൂടെ കടന്നു പോയവനാണ് നമ്മുടെ യേശു. അതിനാൽ നമുക്ക് പറയുവാൻ സാധിക്കുകയില്ല നമ്മുടെ വേദനയാണ് ഏറ്റവും വലുതെന്ന്. നമ്മുടെ പ്രശ്നങ്ങളേക്കാൾ ഏറ്റവും കൂടുതൽ വേദനയുടെ തീവ്രത അനുഭവവിച്ചവനാണു നമ്മുടെ കർത്താവു. അതുകൊണ്ടാണ് അവൻ നമുക്ക് ദൈവമായിരിക്കുന്നത്. ആമേൻ.

മത്തായി 26:38 "എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു."

നമുക്കു വേണ്ടി, നമ്മെ വീണ്ടെടുക്കുന്നതിനു വേണ്ടി, കർത്താവു അവസാന നിമിഷങ്ങളിൽ അനുഭവിക്കുന്ന സംഘർഷം, അതിവേദന ഉളവാക്കുന്നതാണ്. ആ സംഘർഷത്തിന്റെ നടുവിൽ കർത്താവിന്റെ ദേഹത്തുനിന്നും വീഴുന്ന വിയർപ്പു എപ്രകാരമുള്ളതാണെന്നു ലൂക്കോസ് 22:44 പറയുന്നു – വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയിത്തീരുന്നു. ആർക്കുവേണ്ടി? എന്തിനുവേണ്ടി? എന്നു നാം ചിന്തിക്കണം.

കർത്താവു അനുഭവിച്ചതുപോലെയുള്ള മാനസിക ബുദ്ധിമുട്ടുകൾ, പ്രയാസങ്ങൾ, ദുഃഖങ്ങൾ ഒക്കെ ഏതു മനുഷ്യനും അതിജീവിക്കുവാൻ കൃപയാൽ സാധിക്കും. അതിന്റെ നടുവിൽ നമ്മുടെ കർത്താവു കടന്നുപോയ ഗെത്ത്ശെമനയുടെ അനുഭവം നമുക്ക് ഒരു പാഠമായിരിക്കണം, ഒരു മാർഗ്ഗദർശനം ആയിരിക്കണം.

തുടർന്ന് നാം വായിക്കുന്നു, കർത്താവു കവിണ്ണുവീണു പിതാവിനോട് പ്രാർത്ഥിക്കുന്നു. മാനസികമായ സംഘർഷത്തിന്റെ നടുവിൽ, എപ്രകാരം പ്രാർത്ഥിക്കണം, എപ്രകാരം പ്രതികരിക്കണം എന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. അബ്ബാ പിതാവേ എന്ന് വിളിച്ചു മൂന്ന് പ്രാവശ്യം കർത്താവു പ്രാർത്ഥിച്ചു എന്നാണ് വായിക്കുന്നത് “പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ” എന്നു പ്രാർത്ഥിച്ചു. രണ്ടാമത് ഇപ്രകാരം അപേക്ഷിച്ചു “പിതാവേ, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ”. മൂന്നാമതും പോയി ആ വചനം തന്നേ ചൊല്ലി പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനയിൽ നമുക്ക് യേശുവിന്റെ മാനുഷികവും, ദൈവികവുമായ രണ്ടു ഭാവങ്ങൾ കാണുവാനായിട്ടു സാധിക്കും. തന്റെ പിതാവിന്റെ ഹിതത്തിന് തന്നെത്തന്നെ സമർപ്പിച്ച് കൊടുത്തുകൊണ്ടുള്ള പ്രാർത്ഥന, തന്നെത്തന്നെ ദൈവഹിതത്തിനായി, നമ്മുടെ വിമോചനത്തിനായി അവൻ സമർപ്പിച്ചു. ഇവിടെ യേശുവിന്റെ പ്രാർത്ഥനാവിഷയം, തന്റെ വിഷമം നീങ്ങിപോകണമെന്നല്ല, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ എന്നായിരുന്നു. മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചപ്പോഴും വിഷയത്തിൽ മാറ്റം വന്നിരുന്നില്ല. അതിനാൽ ഗെത്ത്ശെമന ഇന്ന് നമ്മെ പ്രാർത്ഥിക്കുവാനായിട്ടു പഠിപ്പിക്കുകയാണ്. അത് നമ്മുടെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ നിരത്തിവച്ചുള്ള പ്രാർത്ഥനയാകരുത്, പിന്നയോ നിന്റെ ഇഷ്ടം എന്നിൽ നിറവേറ്റപ്പെടണം എന്നുള്ള പ്രാർത്ഥന ആയിരിക്കണം. ഇപ്രകാരം പ്രാർത്ഥിച്ചാൽ സ്വർഗ്ഗത്തിൽനിന്നു ദൂതന്മാർ ഇറങ്ങി വന്നു നമ്മെ കാത്തു പരിപാലിക്കും, നമ്മെ ശക്തിപ്പെടുത്തും, നമ്മെ ആശ്വസിപ്പിക്കും. ഗെത്ത്ശെമനയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്ന വേറെ ഒരു

കാര്യമാണ് സഹിത്വം. കൂട്ടായ്മ ആവശ്യമാണെന്ന് ഗെത്ത്ശെമന നമ്മെ ഓർമ്മിപ്പിക്കുന്നു. മാളികമുറി വിട്ടശേഷം, യേശു തന്റെ അപ്പൊസ്തലൻമാരെ കൂട്ടികൊണ്ടു വന്നിട്ട്, അതിൽ മൂന്നു പേരെ തന്നോടൊപ്പം അകത്തോട്ട് കൂട്ടികൊണ്ടുപോയി. മത്തായി 26:38 "എന്റെ ഉള്ളം മരണവേദനപോലെ അതി ദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ." യേശു ഇവിടെ അവരുടെ സഹിത്വം ആവശ്യപ്പെടുകയാണ്. നമുക്കും ഈ ലോകജീവിതത്തിൽ ഈ കൂട്ടായ്മ ആവശ്യമാണ്, ഒരു പക്ഷെ നമ്മുടെ വേദന മാറണമെന്നില്ല, എന്നാൽ നമ്മെ ശക്തിപ്പെടുത്താൻ സ്വർഗ്ഗം തന്റെ ദൂതന്മാരെ ഒരുക്കും.

ഗെത്ത്ശെമന നമ്മെ ഓർമ്മിപ്പിക്കുന്ന മറ്റൊരു സന്ദേശമാണ്, പരീക്ഷകളെ അതിജീവിക്കണം എന്നുള്ളത്. കർത്താവു കൂട്ടികൊണ്ടു പോയ മൂന്ന് ശിഷ്യന്മാർക്കും, കർത്താവിന്റെ മാനസിക സംഘർഷം മനസിലാക്കുവാനായിട്ടു സാധിച്ചില്ല, അതുകൊണ്ടാണ് അവർ ഉറങ്ങിപോയത്. താൻ കൂടെ കൊണ്ടു നടന്ന പത്രോസിനോട് കർത്താവു ചോദിക്കുന്നു "എന്നോടു കൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ?" മത്തായി 26:40. നാം സഹായം പ്രതീഷിക്കുന്നിടത്തുനിന്ന് സഹായം ലഭിക്കണമെന്നില്ല. നമ്മുടെ പ്രശ്നങ്ങളുടെ നടുവിൽ, നാം അനുഭവിക്കുന്ന ഇതുപോലെയുള്ള പരീക്ഷകളെ എപ്രകാരം അതിജീവിക്കണം എന്ന് ഗെത്ത്ശെമന നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ ഇന്ന് നമ്മോട് യേശു പറയുന്നു "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവു ഒരുക്കമുള്ളതു, ജഡമോ ബലഹീനമത്രേ" പരീക്ഷ ഇല്ലാത്ത മനുഷ്യന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാനായിട്ടു സാധിക്കുകയില്ല. താൻ കൂടെ കൂട്ടിയവർ, തന്നോട് ഒപ്പം കൂട്ടായ്മയിൽ പങ്കുചേരാഞ്ഞിട്ട്, മൂന്നാമതും മടങ്ങി വന്നിട്ട് അവരോടു പറയുകയാണ്: മത്തായി 26:45 "ഇനി ഉറങ്ങി ആശ്വസിച്ചു കൊൾവിൻ; നാഴിക അടുത്തു; മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുന്നു;" എന്നിട്ടു തന്നോടൊപ്പമുള്ള മൂന്ന് പേരോടും പറയുകയാണ് എഴുന്നേല്പിൻ, നാം പോക. ഇതാണ് ഗെത്ത്ശെമന നമ്മളെ ഓർമിപ്പിക്കുന്ന മറ്റൊരു സന്ദേശം. ഉറങ്ങിയവരോട് ശണ്ഠ കൂടുന്ന കർത്താവല്ല നമ്മുടെ യേശു, അവരോടു അവൻ പിണങ്ങിയില്ല, അവരെ ഉപേക്ഷിച്ചില്ല, അവരെ കൈവിട്ടില്ല അവരെ ചേർത്തുപിടിച്ച് അവൻ പറഞ്ഞു, എഴുന്നേല്പിൻ, നാം പോക. പരീക്ഷയിൽ തോറ്റുപോയവരോടുള്ള കർത്താവിന്റെ സമീപനം ഇന്ന് നമ്മുടെ കണ്ണുകൾ തുറപ്പിക്കണം.

മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു ദൈവം ഉദ്ദേശിച്ചിരുന്നുവോ അതു യേശു തന്റെ ജീവിതത്തിലൂടെ കാണിച്ചുതരികയും ചെയ്യുന്നു. അവിടുന്നു നമ്മുടെ രക്ഷകൻ മാത്രമല്ല, നമ്മുടെ മുന്നോടിയുമാണ് (എബ്രാ. 6:20). എല്ലാ സമയത്തും, എല്ലാ സാഹചര്യങ്ങളിലും ദൈവത്തെ പൂർണ്ണമായി അനുസരിച്ചു ജീവിക്കുന്നതിന്റെ ഒരു മാതൃകയാണ് അവിടുന്നു നമുക്കു നൽകിയിരിക്കുന്നത്. തന്റെ പിതാവു തനിക്കായി ക്രമീകരിച്ചിരുന്ന, നിന്ദ്യമായ മരണത്തിന് യേശു സ്വമേധയാ കീഴ്പ്പെട്ടു. തന്റെ ക്രൂശുമരണം ആസൂത്രണം ചെയ്യുകയും, നടപ്പിലാക്കുകയും ചെയ്ത മാനുഷിക ഉപകരണങ്ങൾക്കു പിന്നിൽ യേശു തന്റെ പിതാവിന്റെ കരം കണ്ടെത്തുകയും, 'പിതാവു നൽകിയ' പാനപാത്രം മനസ്സോടെ കുടിക്കുകയും ചെയ്തു (യോഹ. 18:11).

നമുക്കും, ദോഷത്തിനു പകരം ദോഷം ചെയ്യാതെ നന്മ ചെയ്യാം. നമ്മോടു ദോഷം ചെയ്തവരോടു ക്ഷമിക്കാം, അവർക്കു വേണ്ടി പ്രാർത്ഥിക്കാം, അവരെ ചേർത്തു നിർത്താം.

ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**ബ്രദർ റ്റോബി എബ്രഹാം ചെങ്ങന്നൂർ 024**